# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

## പോലീസ് സേനയിലെ ക്രിമിനല്‍ പശ്ചാത്തലമുള്ളവര്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പര്‍ :1331 — 13/07/2016-ല്‍ മറുപടി

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാര്‍
ശ്രീമതി യു. പ്രതിഭാ ഹരി
ശ്രീ. സി. കെ. ശശീന്ദ്രന്‍
,, കെ. ജെ. മാക്സി

മറുപടി

ശ്രീ. പിണറായി വിജയന്‍
(മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | പോലീസ് സേനയില്‍ ഉന്നതോദ്യോഗസ്ഥര്‍ ഉള്‍പ്പെടെ ക്രിമിനല്‍ പശ്ചാത്തലമുള്ളവരും കേസില്‍ പ്രതിയായിട്ടുള്ളവരും നിരവധിപേരുണ്ടോ എന്നതിനെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടെങ്കില്‍ അതിന്റെ വിശദവിവരം അറിയിക്കുമോ; | പോലീസ് സേനയില്‍ ക്രിമിനല്‍ പശ്ചാത്തലമുള്ളവര്‍ പ്രവൃത്തിയെടുത്ത് വരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. എന്നാല്‍ വിവിധ കുറ്റകൃത്യങ്ങളില്‍ പ്രതികളായ പോലീസ് ഉദ്യോഗസ്ഥര്‍ 933 പേര്‍ ഉണ്ട്. |
| (ബി) | കേരള ഹൈക്കോടതിപോലും ഇക്കാര്യത്തില്‍ കര്‍ശന നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടെങ്കിലും യാതൊരു നടപടിയുമുണ്ടാകാതിരുന്നത് ഇത്തരക്കാര്‍ക്ക് പ്രചോദനമായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | കുറ്റകൃത്യങ്ങളില്‍ പ്രതികളായ പോലീസുദ്യോഗസ്ഥര്‍ക്കെതിരെ കര്‍ശന വകുപ്പുതല അച്ചടക്ക നടപടികള്‍ സ്വീകരിച്ചു വരുന്നുണ്ട്. ഇക്കാര്യത്തില്‍ ബഹു. കേരള ഹൈക്കോടതിയുടെ നിര്‍ദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാന്‍ സത്വര നടപടിയുണ്ടാകുമോ ; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | ബഹു. കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തില്‍ പോലീസ് സേനയില്‍ ക്രിമിനല്‍ കേസുകളില്‍ ഉള്‍പ്പെട്ടിട്ടുള്ളവര്‍ക്കെതിരെയുള്ള വസ്തുതകള്‍ പരിശോധിച്ച് അഭിപ്രായം അറിയിക്കുവാന്‍ Additional Director General of Police (Int.) ചുമതലപ്പെടുത്തിയട്ടുണ്ട്. പോലീസ് സേനയിലെ കുറ്റകൃത്യങ്ങള്‍ സംബന്ധിച്ച തീരുമാനമെടുക്കുന്നത് പ്രസ്തുത റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തിലാണ്. പോലീസ് സേനയിലെ ക്രിമിനല്‍ കേസുകളില്‍ ഉള്‍പ്പെടുന്ന ഉദ്യോഗസ്ഥര്‍ക്കെതിരെയുള്ള അച്ചടക്ക നടപടികള്‍ ദ്രുതഗതിയില്‍ ആക്കുന്നതിനായി സംസ്ഥാനത്തെ സോണല്‍, ക്രൈംസ്, ഇന്റലിജന്‍സ് എന്നീ ഡി.ജി.പി. മാര്‍ ഉള്‍പ്പെട്ട ഒരു അച്ചടക്ക അവലോകന കമ്മിറ്റി സര്‍ക്കുലര്‍ നമ്പര്‍ 29/11 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥരെ സര്‍വ്വീസില്‍ നിന്നും നീക്കുന്നതുള്‍പ്പെടെയുള്ള നടപടികള്‍ക്ക് വിധേയരാക്കിയിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍